# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.7/1143/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 27/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.7/1143/2021 തീയ്യതി: 27/03/2022

## ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ.രാജീവ് | ഡപ്യൂട്ടി ഡയറക്ടർ | 01-12-2021 | 15-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-12-2021 | 15-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ആർ. ജയകൃഷ്ണ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സി.ഉണ്ണികൃഷ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഷിബു.എ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
പ്രീത, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സി കൃഷ്ണമ്മ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.സനൽ ദത്ത് ആർ | സെക്രട്ടറി | 01-04-2019 | 05-04-2019 |
| ശ്രീമതി.ബീന തോമസ് ജോൺ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-04-2019 | 27-04-2019 |
| ശ്രീ.സനൽ ദത്ത് ആർ | സെക്രട്ടറി | 28-04-2019 | 15-12-2019 |
| ശ്രീ.ഗോപകുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-12-2019 | 31-12-2019 |
| ശ്രീ.സനൽ ദത്ത് ആർ | സെക്രട്ടറി | 01-01-2020 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലേഖ മോഹൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| മഞ്ചുശ്രീ ബി | വെറ്ററിനറി സർജൻ | 01-04-2019 | 21-11-2019 |
| വികാസ് ആർ | വെറ്ററിനറി സർജൻ | 22-11-2019 | 31-03-2020 |
| ഡോ.ഡോണി മാനുവൽ ജോൺ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.ശേഷനാഗ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 13-03-2020 |
| ഡോ.പ്രീത എച്ച് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 14-03-2020 | 31-03-2020 |
| ഡോ.സുനിത ആർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| രശ്മി കെ.എസ്സ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 18-07-2019 |
| സീന.കെ | അസിസ്റ്റന്റ് എൻജിനീയർ | 19-07-2019 | 21-07-2019 |
| കൃഷ്ണേന്ദു ജി.കെ | അസിസ്റ്റന്റ് എൻജിനീയർ | 22-07-2019 | 31-03-2020 |
| നിർമ്മല കുമാരി കെ.കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| തോമസ് എ.എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| സുഗുണ | എച്ച്.എം.യു.പി.എസ് | 01-04-2019 | 31-03-2020 |
| അനു.സി | വി.ഇ.ഒ | 01-04-2019 | 03-08-2019 |
| രത്നകുമാരി | വി.ഇ.ഒ | 04-08-2019 | 31-03-2020 |
| ബീന തോമസ് ജോൺ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 22-07-2019 |

| | | | |
|---|---|---|---|
| മധു. പി | അസിസ്റ്റന്റ് സെക്രട്ടറി | 23-07-2019 | 24-07-2019 |
| ഗോപകുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 25-07-2019 | 31-03-2020 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Preetha (Auditor, On 18-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 19-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Preetha (Auditor, On 18-12-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 23-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീറ്റ് ആൻഡ് പേയ്മെന്റ് പ്രകാരം)<br>Written By: Preetha (Auditor, On 18-12-2021)<br>Last Updated By: Elsamma (Audit Officer, On 24-03-2022) | 1-3 |
| 4 | ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Unnikrishnan C (Senior Grade Auditor, On 21-12-2021)<br>Last Updated By: Elsamma (Audit Officer, On 24-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Unnikrishnan C (Senior Grade Auditor, On 18-12-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 23-03-2022) | 1-5 |
| 6 | ക്ഷേമ പദ്ധതികൾ (വാർഷിക കണക്കുകൾ പ്രകാരം)<br>Written By: A.P.Shibu (Senior Grade Auditor, On 18-12-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 23-03-2022) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: A.P.Shibu (Senior Grade Auditor, On 18-12-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 23-03-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Preetha (Auditor, On 18-12-2021)<br>Last Updated By: Preetha (Auditor, On 18-12-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Sajitha Das (Audit Officer (HG), On 19-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 19-12-2021) | 1-9 |
| 10 | മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി വസ്തുനികുതിയിനത്തിൽ 78532 രൂപ ഡിമാൻഡ് ചെയ്തിട്ടില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 20-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 21-12-2021) | 1-10 |
| 11 | ഉപയോഗ ക്രമത്തിലെ മാറ്റം -നികുതി പുനനിർണ്ണയിച്ചിടാക്കേണ്ടതാണ്<br>Written By: Unnikrishnan C (Senior Grade Auditor, On 21-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 21-12-2021) | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: A.P.Shibu (Senior Grade Auditor, On 19-12-2021)<br>Last Updated By: A.P.Shibu (Senior Grade Auditor, On 10-01-2022) | 1-12 |
| 13 | ലൈസൻസ് അപാകതകൾ സംബന്ധിച്ച്<br>Written By: A.P.Shibu (Senior Grade Auditor, On 19-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-13 |
| 14 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 19-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 19-12-2021) | 1-14 |
| 15 | ഗ്രാമപഞ്ചായത്തിലെ വിവിധ ടാറിംഗ് പ്രവൃത്തികൾ- പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Sajitha Das (Audit Officer (HG), On 19-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-15 |
| 16 | പാലിയേറ്റീവ് കെയർ മരുന്നുകൾ ലഭ്യമാക്കിയില്ല | 1-16 |

| | | |
|---|---|---|
| | Written By: A.P.Shibu (Senior Grade Auditor, On 19-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 19-12-2021) | |
| 17 | ഫർണ്ണീച്ചറുകളുടെ സ്റ്റോക്ക്-വിതരണ വിവരം ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു.<br>Written By: Jayakrishna R (Asst. Audit Officer, On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-17 |
| 18 | പട്ടിക ജാതി വനിതകൾക്ക് ഓട്ടോറിക്ഷ വാങ്ങൽ -രേഖകൾ അപൂർണ്ണം<br>Written By: Jayakrishna R (Asst. Audit Officer, On 18-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 19-12-2021) | 1-18 |
| 19 | കന്നുകുട്ടിപരിപാലനം പ്രോജക്ട്-അപാകതകൾ<br>Written By: Jayakrishna R (Asst. Audit Officer, On 18-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 19-12-2021) | 1-19 |
| 20 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിഃ ജി.എസ്.ടി സ്രോതസ്സിൽ കുറവ് വരുത്തിയില്ലഃ<br>Written By: Jayakrishna R (Asst. Audit Officer, On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 1-20 |
| 21 | തൊഴിലുറപ്പ് പദ്ധതി- വോയിഡ് കുറവ് വരുത്താത്ത അളവിൽ തുക അനുവദിച്ച് അധിക ചെലവ്<br>Written By: Jayakrishna R (Asst. Audit Officer, On 18-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 19-12-2021) | 1-21 |
| 22 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - രേഖകൾ ലഭ്യമാക്കിയില്ല .<br>Written By: Preetha (Auditor, On 20-12-2021)<br>Last Updated By: Preetha (Auditor, On 20-12-2021) | 1-22 |
| 23 | സോഴ്സ് ഡിഡക്ഷൻ തുകകൾ കൃത്യമായി അക്കൌണ്ട് ചെയ്തില്ല-തിരിച്ചടക്കാൻ ബാക്കിയുള്ള ലോൺ കണക്കുകളിൽ പിശക്<br>Written By: Unnikrishnan C (Senior Grade Auditor, On 24-12-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 24-12-2021) | 1-23 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഗ്രാമപഞ്ചായത്തിലെ വിവിധ ടാറിംഗ് പ്രവൃത്തികൾ- ബാരലിന്റെ വില ആകെ മൂല്യത്തിൽ നിന്നും കുറവ് ചെയ്തില്ല<br>Written By: Sajitha Das (Audit Officer (HG), On 21-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Preetha (Auditor, On 18-12-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 23-03-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം<br>Written By: Preetha (Auditor, On 19-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 23-12-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Preetha (Auditor, On 18-12-2021)<br>Last Updated By: Preetha (Auditor, On 18-12-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Preetha (Auditor, On 18-12-2021)<br>Last Updated By: Preetha (Auditor, On 18-12-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Preetha (Auditor, On 19-12-2021)<br>Last Updated By: Preetha (Auditor, On 19-12-2021) | 4-5 |

| | | |
|---|---|---|
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sajitha Das (Audit Officer (HG), On 19-12-2021)<br>Last Updated By: Sajitha Das (Audit Officer (HG), On 19-12-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Preetha (Auditor, On 19-12-2021)<br>Last Updated By: Preetha (Auditor, On 19-12-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Preetha (Auditor, On 19-12-2021)<br>Last Updated By: Preetha (Auditor, On 19-12-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sajitha Das (Audit Officer (HG), On 19-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Preetha (Auditor, On 19-12-2021)<br>Last Updated By: Rajeev R (Deputy Director, On 24-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 20.02.2019 തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 296328780 | 290488463 |
| വാർഷിക കണക്ക് പ്രകാരം<br>(ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ പ്രകാരം) | 130678694 | 132439062 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ വരവ് ചെലവുകളുമായി വളരെയധികം അന്തരം നിലനിൽക്കുന്നു. തുടർ വർഷങ്ങളിൽ ഇത് പരിഹരിക്കപ്പെടേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ഓഡിറ്റിന് അയച്ച തീയതി<br>E- സബ്മിറ്റ് ചെയ്ത തീയതി |
|---|---|
| 2019-20 | 14.05.2020 |

1 ) മുൻകൂറുകൾ നൽകുന്നത് മുൻകൂർ എന്നരീതിയിൽ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല

വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -150/20 എന്ന പ്രോജക്ടിന്റെ ഭാഗമായി തനത് ഫണ്ടിൽ നിന്നും 21927 രൂപ കേരള വാട്ടർ അതോറിറ്റിക്ക് നൽകി. എന്നാൽ ഈ തുക അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ് എന്ന നിലക്ക് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയില്ല.

2) വാർഷിക കണക്കുകളിൽ ഉൾപ്പെടുന്ന അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ്(ഹെഡ് കോഡ്-460500201, 460500202 ) എന്നീ ഹെഡ്ഡുകളിൽ ഉൾപ്പെടുന്നതും ഈ ഹെഡ്ഡുകളുടെ ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നതുമായ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായി സൂക്ഷിച്ചിട്ടുള്ള കണക്കുകൾ കൃത്യമല്ല. വിനിയോഗവിവരം ലഭിച്ച മുൻകൂറുകളുടെ കൃത്യത തയ്യാറാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

3)ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ് സംബന്ധിച്ചുള്ള കണക്കുകളിൽ കൃത്യതയില്ല

4) ഗുണഭോക്തൃവിഹിതമിനത്തിൽ ബാധ്യതയായി കാണിച്ചിരിക്കുന്ന 1333123 എന്ന തുകയുടെ കൃത്യത പരിശോധിക്കാനായില്ല

5)Refund Payable -Others (ഹെഡ് കോഡ്-350409901 )എന്ന ഹെഡ്ഡിൽ ബാധ്യതയായി തിരികെയീടാക്കിയ Unemployment Wages , Empty Barrels ന്റെ വില എന്നിവ ഉൾപ്പെടുന്നു. എന്നാൽ ഈ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

6)വാർഷിക കണക്കുകളും ഗ്രാമപഞ്ചായത്ത് സാമൂഹ്യസുരക്ഷാസഹായങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ ചെലവുകളുടെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
7)ലൈഫ് തിരിച്ചടവിന് പ്രോജക്ട് വച്ച് സുലേഖയിൽ ചെലവ് കാണിച്ചിട്ടില്ല

8) അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ കുറവ് ചെയ്ത തുകക്ക് സുലേഖയിൽ പ്രോജക്ട് വച്ചില്ല

9) ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുവാൻ നിർദ്ദേശിച്ചിരുന്ന 1314000 TC ചെയ്തില്ല
10) വായ്പ തിരിച്ചടവ് പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആൻഡ് പേയ്മെന്റ് പ്രകാരം)

| 2019-20 | |
|---|---|
| മുന്നിരിപ്പ് | 26888449 |
| വരവ് | 82945223 |
| ആകെ | 109833672 |
| ചെലവ് | 77712836 |
| നീക്കിയിരിപ്പ് | 32120836 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 21489 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 839889 |

## 1-4 ഗ്രാന്റുകളുടെ വിനിയോഗം

| ക്രമ നം | ഫണ്ടിനം | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് | സോഴ്സ് ഡിഡക്ഷൻ | ചെലവ് RP-7 | സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട്-പൊതുവിഭാഗം | 23701000 | 1804059 | 13545629 | 15349688 | 8351312 |
| 2 | വികസനഫണ്ട്-എസ്.സി.പി | 18854000 | 88235 | 9426300 | 9514535 | 9339465 |
| 3 | വികസനഫണ്ട്-ടി.എസ്.പി | 241000 | 0 | 36999 | 36999 | 204001 |
| 4 | സംരക്ഷണ ഗ്രാന്റ് – റോഡ് | 13845000 | 0 | 5465993 * | 5465993 | 8379007* |
| 5 | സംരക്ഷണഗ്രാന്റ് – നോൺ റോഡ് | 5332000 | 0 | 2244297 | 2244297 | 3087703 |
| 6 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 13865418 | 0 | 3863985 # | 3863985 | 10001433 # |

*ACR പ്രകാരമുള്ള ചെലവ് 8800964 രൂപയും നീക്കിബാക്കി 5044036 രൂപയുമാണ്.

# ACR പ്രകാരമുള്ള ചെലവ് 4679485 രൂപയും നീക്കിബാക്കി 9185933 രൂപയുമാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല

ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകയുടെ വിശദാംശങ്ങൾ

| ക്രമ നം. | ഇനം | തുക | ഫണ്ടിനം |
|---|---|---|---|
| 1 | ലൈഫ് മിഷന് KURDFC മുഖേന ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തിരിച്ചടവ് | 1058824 | വികസനഫണ്ട് (പൊതു വിഭാഗം) |
| 2 | ലൈഫ് മിഷന് KURDFC മുഖേന ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തിരിച്ചടവ് | 88235 | വികസനഫണ്ട് (SCP) |
| 3 | 2018-19 ൽ അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ഈടാക്കുന്ന തുക | 657000 | വികസനഫണ്ട് (പൊതു വിഭാഗം) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 180 | 174361479 | 60 | 55735453 | 71 | 49 | 73% |

## 1-6 ക്ഷേമ പദ്ധതികൾ (വാർഷിക കണക്കുകൾ പ്രകാരം)

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| തൊഴിൽരഹിത വേതനം | 67800 |
| കർഷകതൊഴിലാളി പെൻഷൻ | 50,36,400 |

| | |
|---|---|
| വിധവാ പെൻഷൻ | 87,57,600 |
| വാർദ്ധക്യകാല പെൻഷൻ | 1,68,26,100 |
| വികലാംഗ പെൻഷൻ | 25,90,900 |
| അവിവാഹിത പെൻഷൻ | 5,07,000 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 3,60,000 |

## 1-7 തൊഴിലുറപ്പ പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3468 | 1674885 | 1678353 | 1244564 | 433789 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 26577564 | | 26577564 | |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.12.2021 ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7092/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. ഗ്രാമപഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പല ഗ്രൂപ്പുകളും ഒറ്റത്തവണ മാത്രമാണ് കൂടിയിട്ടുള്ളത്. പലതിലും മിനിറ്റ്സ് ക്ലോസ് ചെയ്യുന്നില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3. മുൻ ഓഡിറ്റ് റിപ്പോർട്ടുകൾ യഥാസമയം പഞ്ചായത്ത് കമ്മറ്റിയിൽ ചർച്ച ചെയ്യപ്പെടുന്നില്ല. സമയബന്ധിതമായി മറുപടി നൽകി അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നില്ല.

4.തനത് വരുമാന ഇനങ്ങളുമായി ബന്ധപ്പെട്ട ലേല രജിസ്റ്റർ, ലൈസൻസ്, തൊഴിൽ നികുതി തുടങ്ങിയ രജിസ്റ്ററുകളിൽ സാമ്പത്തിക വർഷാവസാനം ഡി.സി.ബി തയ്യാറാക്കുകയും സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്ന നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.

5. പഞ്ചായത്തിന്റെ തനത് ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. പുതിയതായി നിർമ്മിക്കപ്പെട്ട ബഡ്സ് സ്കൂൾ, എം.സി.എഫ്, എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ എന്നിവയൊന്നും ആസ്തിര രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

6.ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

7.റോഡ് രജിസ്റ്ററും, റോഡ് കണക്റ്റിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

8.പദ്ധതിനിർവ്വഹണ സംബന്ധമായ ട്രാൻസാക്ഷനുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥർ നോട്ട് ഫയൽ സൂക്ഷിക്കുന്നില്ല.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-10 മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി വസ്തുനികുതിയിനത്തിൽ 78532 രൂപ ഡിമാൻഡ് ചെയ്തീടാക്കി

2018-19 ഓഡിറ്റ് റിപ്പോർട്ടിലെ 1-15 ഖണ്ഡിക പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി ഡിമാൻഡിൽ 94,453 രൂപയുടെയും ലൈബ്രറി സെസ്സിൽ 4,720 രൂപയുടെയും കുറവുണ്ടായെന്നും ഇത് പരിഹരിക്കാനാവശ്യമായ നടപടികൾ

സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സഞ്ചയ ഡേറ്റാ പ്യൂരിഫിക്കേഷൻ വഴി നികുതി പുനനിർണ്ണയിച്ച് ഡിമാൻഡ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിവിധ രസീതുകളിലായി 78532 രൂപ 20-21 ൽ ഗ്രാമപഞ്ചായത്തിന് ലഭിച്ചു. ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഡിമാൻഡ് കൃത്യമാക്കുന്നതിന് ഉദ്യോഗസ്ഥരുടെയും സെക്രട്ടറിയുടെയും ഭാഗത്ത് നിന്നുണ്ടായ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. തനത് വരുമാന സ്രോതസ്സുകൾ പൂർണ്ണമായും ഡിമാൻഡ് ചെയ്യുന്നതിന് ഭാവിയിലും ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

## 1-11 ഉപയോഗ ക്രമത്തിലെ മാറ്റം -നികുതി പുനനിർണ്ണയിച്ചീടാക്കേണ്ടതാണ്

ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ കടവൂർ വാർഡിൽ ശ്രീ മാത്യു ജേക്കബ്, തെങ്ങുമ്പള്ളിൽ പുത്തൻവീട് എന്നയാളുടെ പേരിൽ സ്റ്റോറേജ് ഷെഡ്ഡിന്റെ നിരക്കിൽ 21/485 E എന്ന നമ്പരിൽ ഒരു കെട്ടിടത്തിന് നികുതി നിർണ്ണയിച്ചിരുന്നു(ചതുരശ്രമീറ്ററിന് 10 രൂപ). താഴത്തെ നിലയിലായി 82.77 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള ഈ കെട്ടിടത്തിന്റെ മേൽക്കൂര ഫോറം – 6 പ്രകാരം കോൺക്രീറ്റാണ്. നികുതി നിർണ്ണയ ഫയലിൽ സൂക്ഷിച്ചിട്ടുള്ള കംപ്ലീഷൻ പ്ലാനിൽ ഈ ഭാഗം പാർക്കിംഗ് ഏരിയ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ മുകളിലത്തെ നിലയിലായി 82.77 ചതുരശ്രമീറ്റർ പാർപ്പിടാവശ്യം എന്ന നിലക്ക് നികുതി നിർണ്ണയിച്ച് നമ്പർ നൽകിയിട്ടുമുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-38തീ. 15-12-21 പ്രകാരം ഈ കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ഓഡിറ്റ് ബാച്ച് ലീഡർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മേൽ കെട്ടിട നമ്പരിലുള്ള കെട്ടിടത്തിന്റെ നിലവിലെ ഉപയോഗക്രമം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കി(നം-സി 1/7052/21 തീ.15-12-21). ഈ റിപ്പോർട്ട് പ്രകാരം 21/485 E എന്ന കെട്ടിടം ഹാർഡ് വെയർ ഷോപ്പിന്റെ ഗോഡൌണായി ഉപയോഗിച്ചുവരുന്നു എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ കെട്ടിടത്തെ വാണിജ്യാവശ്യ ഗോഡൌണുകളുടെ നിരക്കിൽ നികുതി ചുമത്തേണ്ടതാണ് .(ചതുരശ്രമീറ്ററിന് 40 രൂപ). നികുതി നിർണ്ണയത്തിൽ വരുത്തേണ്ട വ്യത്യാസം ചുവടെ ചേർക്കുന്നു.

| ചുമത്തിയ വസ്തു നികുതി<br>@10/ച.മീ | ചുമത്തേണ്ട വസ്തുനികുതി<br>@40/ച.മീ | വ്യത്യാസം | നികുതി നിർണ്ണയിച്ച വർഷം |
|---|---|---|---|
| അടിസ്ഥാന വസ്തുനികുതി-87.77x 10=827.7<br>5 മീറ്ററിലധികം വിസ്തൃതിയുള്ള റോഡിൽ നിന്നുള്ള പ്രവേശനമാർഗ്ഗത്തിനുള്ള വർദ്ധനവ്-20%=165.54<br>ആകെ-994<br>ലൈ.സെസ്-50 | അടിസ്ഥാന വസ്തുനികുതി-87.77x 40=3510.8<br>5 മീറ്ററിലധികം വിസ്തൃതിയുള്ള റോഡിൽ നിന്നുള്ള പ്രവേശനമാർഗ്ഗത്തിനുള്ള വർദ്ധനവ്-20%=702.16<br>ആകെ-4213<br>ലൈ.സെസ്-211 | വസ്തുനികുതി -3219<br>ലൈ.സെസ്-161 | 2019-ഒന്നാം പാദം |

വസ്തുനികുതി, ലൈബ്രറി സെസ്സ് എന്നിവ പുനനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷം ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കായിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ഈരേഴ സർവ്വീസ് സഹകരണ ബാങ്ക് | 1,2 |
| 2 | കെ.ടി.ഡി.സി ബിയർ പാർലർ,,ചെട്ടികുളങ്ങര | 1,2 |
| 3 | ഹാബിറ്റാറ്റ് ടെക്നോളജീസ് | 1,2 |
| 4 | ചെട്ടികുളങ്ങര ഗ്രാമീൺ നിധി ലിമിറ്റഡ് | 2 |
| 5 | എംഎസ്എൻ മാക്സ് ഇവ ലിമിറ്റഡ് | 2 |
| 6 | അക്ഷയ സെന്റർ ,ചെട്ടികുളങ്ങര | 2 |
| 7 | അക്ഷയ സെന്റർ ,പഞ്ചമൂട് | 2 |
| 8 | അക്ഷയ സെന്റർ ,കോയിപ്പള്ളി കാരാഴ്മ | 1,2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 3/07-12-21 ന് നൽകിയ മറുപടിയിൽ ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ വിവരം ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കാനുളള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-13 ലൈസൻസ് അപാകതകൾ സംബന്ധിച്ച്

1)1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ 2019-20 വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടില്ല. ഈടാക്കേണ്ടിയിരുന്ന ഫീസിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | അപേക്ഷകന്റെ/ സ്ഥാപനത്തിന്റ പേര് | അപേക്ഷ യോടൊപ്പം മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റിൽ /അപേ ക്ഷയിൽ രേഖപ്പെടുത്തി യിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ലൈസൻസ് ഫീസിന്റെ കൂടെ യന്ത്രത്തിന്റെ കുതിരശക്തി പ്രകാരം ഈടാക്കേണ്ട മെഷീൻ ഫീസ് | ലൈസൻസ് ഫീസ് ഈടാക്കി യത് | ആകെ ഈടാ ക്കേണ്ടി യിരുന്ന ഫീസ് | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | 8 | റ്റി.ജി ബാലകൃഷ്ണൻ, ശ്രീകൃഷ്ണ വുഡ് ഇൻഡസ്ട്രീസ്, ആഞ്ഞിലിപ്രാ-3/237 | 38 HP | 400 | 500 | 900 | 400 |
| 2 | 25 | ഹരിദാസ്.കെ, ഇലഞ്ഞിവേലി വടക്കേത്തറ കെ.കെ.ഓയിൽ മിൽസ്, 17/516 | 10 HP | 100 | 500 | 600 | 100 |
| 3 | 29 | രാധാമണി ഗ്രാൻറ് മിക്സ് ഇൻഡസ്ട്രീസ് 11/243A | 10 HP | 100 | 500 | 600 | 100 |
| 4 | 50 | ജോൺമാതൃപാറയിൽ, വുഡ് ഇൻഡസ്ട്രീസ് പേള ,4/452 | 15 HP | 200 | 500 | 700 | 200 |
| 5 | 56 | ശ്യാമ എസ്, തട്ടുപുരയ്ക്കൽ, റോയൽ ഫർണ്ണീച്ചർ വ്യാപാരം, 1 10/308D | 15 HP | 200 | 500 | 700 | 200 |
| 6 | 123 | പ്രദീപ് കുമാർ, പ്രകാശ് വില്ല, പ്രണവ് ഫർണ്ണിച്ചർ 9/171 B | 13 HP | 200 | 500 | 700 | 200 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | 169 | സി.കെ.രമണൻ, കോട്ടയം, സാമിൽ ചെട്ടികുളങ്ങര 5/269 | 26 HP | 300 | 500 | 300 | 300 |
| 8 | 232 | ടിജി തോമസ്, എൽ.ടി വുഡ് ഇൻഡസ്ട്രീസ് ഓലകെട്ടിയമ്പലം 10/569 | 40 HP | 400 | 500 | 900 | 400 |
| 9 | 267 | പത്മാകരൻ.ആർ, ശ്രീകൃഷ്ണ എന്റർപ്രൈസസ് ,9/11 | 32 HP | 499 | 500 | 900 | 400 |
| 10 | 390 | എസ് സലികുമാർ, എസ്.ആർ ടിംബേഴ്സ് | 36 HP | 400 | 500 | 900 | 400 |
| ആകെ | | | | | | | 2700 |

2) 31.10.2017-ലെ ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം മൂലധന നിക്ഷേപം സർവ്വീസ് മേഖലയിൽ പത്ത് ലക്ഷം രൂപയിൽകവിയുന്നതും അൻപത് ലക്ഷം രൂപയിൽ കവിയാത്തതുമായ ലഘു സംരംഭങ്ങൾക്ക് (Mini Enterprises) ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് 1000/- രൂപയാണ്. എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ടി ചട്ടം പ്രകാരം ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | അപേക്ഷകന്റെ/ സ്ഥാപനത്തിന്റ പേര് | ചുമത്താവുന്ന പരമാവധി ഫീസ് | ലൈസൻസ് ഫീസ് ഈടാക്കിയത് | വ്യത്യാസം |
|---|---|---|---|---|
| 1 | സാബു ജോണി<br>ഇ.വി.എം ഓട്ടോമാട്ടീവ് പ്രൈവറ്റ് ലിമിറ്റഡ്<br>ഫോർ വീലർ സെയിൽസ് &സർവ്വീസ് | 1000 | 500 | 500 |
| 2 | ഗീത കുമാരി<br>ഗീതം മോട്ടോർസ്<br>ചെട്ടികുളങ്ങര<br>ടൂ വീലർ സെയിൽസ് | 1000 | 500 | 500 |
| 3 | അരുൺരാജ് പിള്ള<br>രാജവത്സം സുസുക്കി<br>ടൂ വീലർ സെയിൽസ് | 1000 | 500 | 500 |

3) 1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 12,പട്ടിക V,VI പ്രകാരം പെട്രോൾ പമ്പുകൾക്ക് മലിനീകരണ നിയന്ത്രണബോർഡിൽ നിന്നും അഗ്നിശമനസേന വകുപ്പിൽ നിന്നും ക്ളിയറൻസ് ആവശ്യമുണ്ട്.എന്നാൽ ടി.ജി എബ്രഹാം, എക്സൽ ഫ്യൂവൽസ്, എന്ന സ്ഥാപനത്തിന്റെ ലൈസൻസിന്റെ അപേക്ഷ പുതുക്കാനുള്ള അപേക്ഷയോടൊപ്പം ടി ക്ളിയറൻസ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല. ക്ളിയിറൻസ് സർട്ടിഫിക്കറ്റില്ലാതെ ലൈസൻസ് അപേക്ഷ പുതുക്കിനൽകിയത് ചട്ടവിരുദ്ധമാണ്, ടി സ്ഥാപനത്തിൽ നിന്നും ക്ളിയറൻസ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

ഓഡിറ്റ് ഇംപാക്ട്

വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിനുള്ള ലൈസൻസ് ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 3/19-20 ന് നൽകിയ മറുപടിയിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഫീസ് ഈടാക്കി.

| ക്രമ നം. | അപേക്ഷകന്റെ/ സ്ഥാപനത്തിന്റ | രസീത് നം /തീയതി | ഈടാക്കിയ തുക |
|---|---|---|---|

| | പേര് | | |
|---|---|---|---|
| 1 | റ്റി.ജി ബാലകൃഷ്ണൻ ,ശ്രീകൃഷ്ണ വുഡ് ഇൻഡസ്ടീസ് ആഞ്ഞിലിപ്രാ 3/237 | 121040103023/07 /12/21 | 2019-20-400<br>20-21 -350<br>21-211- 350 |
| 2 | ഹരിദാസ് .കെ, ഇലഞ്ഞിവേലി വടക്കേത്തറ ,കെ.കെ.ഓയിൽ മിൽസ് ഓയിൽ മിൽ<br>17/516 | 12104010311/08-12-21 | 2019-20-100 |
| 3 | രാധാമണി<br>ഗ്രാൻറ് മിക്സ് ഇൻഡസ്ടീസ്<br>11/243A | 12140103184/10-12-21 | 2019-20-100<br>2020-21-100 |
| 4 | ജോൺമാത്യ, പാറയിൽ വുഡ് ഇൻഡസ്ടീസ് പേള 4/452 | 121040103056/07-12-21 | 2019-20-100 |
| 5 | ശ്യാമ എസ് ,തട്ടുപുരയ്ക്കൽ റോയൽ ഫർണ്ണീച്ചർ വ്യാപാരം1 10/308D | 121040103112/08-12-21 | 2019-20-200 |
| 6 | പ്രദീപ് കുമാർ ,പ്രകാശ് വില്ല പ്രണവ് ഫർണ്ണിച്ചർ 9/171 B | 121040103114/08-12-21 | 2019-20-200<br>20-21 -100<br>21-22 -100 |
| 7 | സി.കെ.രമണൻ, കോട്ടയം സാ മിൽ ചെട്ടികുളങ്ങര 5/269 | 121040103182/10-12-21 | 2019-20-300<br>20-21 -100<br>21-22 -100 |
| 8 | ടിജി തോമസ്, എൽ ടി വുഡ് ഇൻഡസ്ടീസ് ,ഓലകെട്ടിയമ്പലം 10/569 | 121040103096/08-12-21 | 2019-20-400<br>20-21 -400 |
| 9 | പത്മാകരൻ.ആർ .ശ്രീകൃഷ്ണ എന്റർപ്രൈസസ് 9/11 | 121040103117/08-12-21 | 2019-20-400<br>20-21 -300 |
| | | | |

2) മൂലധന നിക്ഷേപം സർവ്വീസ് മേഖലയിൽ പത്ത് ലക്ഷം രൂപയിൽ കവിയുന്നതും അൻപത് ലക്ഷം രൂപയിൽ കവിയാത്തതുമായ ലഘു സംരംഭങ്ങളിൽ നിന്നും താഴെപ്പറയുന്ന രീതിയിൽ ഫീസ് ഈടാക്കി

| ക്രമ നം. | അപേക്ഷകന്റെ/ സ്ഥാപനത്തിന്റ പേര് | രസീത് നം /തീയതി | ഈടാക്കിയ തുക |
|---|---|---|---|
| 1 | സാബു ജോണി<br>ഇവിവിഎം ഓട്ടോമാട്ടീവ് പ്രൈവറ്റ് ലിമിറ്റഡ് | 121040103109/08-12-21 | 2019-20-500 |
| 2 | ഗീത കുമാരി<br>ഗീതം മോട്ടോർസ്<br>ചെട്ടികുളങ്ങര | 121040103225/10-12-21 | 2019-20-500<br>2020-21-500<br>2021-22-500 |

ലൈസൻസ് ഫീസ് ഈടാക്കാൻ ശേഷിയ്ക്കുന്നവരിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-14 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് 2019-2020 വർഷങ്ങളിൽ ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ 69927 രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലേക്ക് ഒടുക്കു വരുത്തിയതായും പ്രസ്തുത അക്കൌണ്ടിൽ ഓൺലൈനായി ഒടുക്കിയ തുക ഇതേ വരെയും തിരികെ ലഭിച്ചിട്ടില്ല എന്നുമാണ് അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തത്. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ടെന്റർ ഫീസിനത്തിൽ ഒടുക്കിയ തുക. |
|---|---|

| | |
|---|---|
| 2019-2020 | 69927 |

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും ടി തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ഗ്രാമപഞ്ചായത്തിലെ വിവിധ ടാറിംഗ് പ്രവൃത്തികൾ- പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ വിവിധ ടാറിംഗ് പ്രവൃത്തികൾ വിവിധ കരാറുകാർ ഏറ്റെടുത്ത് നടപ്പിലാക്കിയിരുന്നു. അതിൽ ഡി.സുരേഷ് ബാബു എന്ന കരാറുകാരൻ നിർവ്വഹിച്ച താഴെ പറയുന്ന പ്രവൃത്തികളിലെ അപാകതകൾ താഴെ കൊടുക്കുന്നു. ഈ കരാറുകാരന്റേത് ഒഴികെയുള്ള മറ്റ് എല്ലാ കരാറുകാരുടെയും ബില്ലിൽ നിന്നും ബാരലിന്റെ വിലയും അതിന്റെ ജി.എസ്.റ്റി യും കുറവ് ചെയ്ത ശേഷമാണ് തുക അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം കുറവ് ചെയ്ത ശേഷമുള്ള തുകയാണ് ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും അംഗീകരിച്ചിട്ടുള്ളതെങ്കിലും ഡി.സുരേഷ് ബാബു എന്ന കരാറുകാരന്റെ ബില്ലിൽ നിന്നും അപ്രകാരം കുറവ് ചെയ്തിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

1)താമരപ്പള്ളി മുക്ക് കൊയിപ്പള്ളി മുക്ക് രണ്ടാം ഘട്ട മെറ്റലിംഗ് ,ടാറിംഗ്, റീ-ടാറിംഗ് (So 164/20,so160/18)-

| | |
|---|---|
| എസ്റ്റിമേറ്റ് | 598000(MGR) |
| കരാർ നം | 17/AE/17-18/13.12.17 |
| കരാറുകാരൻ | ഡി.സുരേഷ് ബാബു |
| എഗ്രീഡ്. പി.എ.സി | 566762.29 |
| ആകെ മൂല്യം | 530894 |
| തുക | 530894, ബിൽ നം.8/12.07.2019 |
| എം ബുക്ക് നം | 66/18-19 |

1) യഥാസമയം കരാർ ചമച്ചില്ല

സെലക്ഷൻ നോട്ടീസ് പ്രകാരം 07.12.17 നകം കരാർ ചമയ്ക്കേണ്ടിയിരുന്നു. എന്നാൽ കരാർ ചമച്ചതാവട്ടെ 13.12.2017 ലും. എന്നാൽ 07.12.17 ന ശേഷം 1% പിഴ ഈടാക്കിയാവണം കരാർ ചമക്കേണ്ടതെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. 1% പിഴയായ 5668 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

2) സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ചില്ല

ടെണ്ടർ നോട്ടീസ് പ്രകാരം 4 മാസം ആയിരുന്നു പൂർത്തീകരണ കാലയളവ്. എന്നാൽ പ്രവൃത്തി ആരംഭിച്ചത് തന്നെ 04.01.19 ലാണ്. 04.01.19 ൽ ആരംഭിച്ച് 17.01.19 ൽ അവസാനിച്ചു. കാലാവധി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ അതിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല. സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്.

PWD മാനുവൽ സെക്ഷൻ 2112 യിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ശേഷം 5% പിഴ ഈടാക്കുക മാത്രമാണ് ചെയ്തത്.

3) ബാരലിന്റെ വില ആകെ മൂല്യത്തിൽ നിന്നും കുറവ് ചെയ്തില്ല

എം ബുക്ക് പ്രകാരം ഉപയോഗിച്ച ടാറിന്റെ അളവ് താഴെ പറയും പ്രകാരമാണ്.

VG 30-3882.44kg,SS1 – 205.27kg, RS1-391.53kg (ആകെ- 4479.24 Kg, 29 ബാരൽ)

എന്നാൽ ടാറിന്റെ ബിൽ ഫയലിൽ ഉൾപ്പെടുത്തേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. പാക്ക്ഡ് ബിറ്റുമിന്റെ വിലയാണ് DSR 2016 പ്രകാരം അനുവദിച്ചിട്ടുള്ളത് എന്നതിനാൽ ആകെ മൂല്യത്തിൽ നിന്നും ബാരലിന്റെ വില കുറവ് ചെയ്യേണ്ടതാണ് .

മാവേലിക്കര ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ DB2 -51/19/21.01.19 കത്തിൽ പ്രവൃത്തിയുടെ ആകെ മൂല്യത്തിൽ നിന്നും എമ്റ്റി ബാരലിന്റെ വില @238 രൂപ നിരക്കിലും വാറ്റ് @ 5% നിരക്കിലും കരാറുകാരിൽ നിന്നും കുറവ് ചെയ്ത തുകയാണ് അംഗീകരിച്ചിരുന്നതെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. 18% ജി.എസ്.റ്റി ഉൾപ്പെടെ ആകെ 281/- രൂപയാണ് എമ്റ്റി ബാരലിന്റെ വിലയായി ഈടാക്കേണ്ടിയിരുന്നത്.

29 ബാരൽ@281 = 8149(6902+1247)

മേൽ പ്രകാരമുള്ള തുകകൾ ആകെ മൂല്യത്തിൽ നിന്നും കുറവ് ചെയ്യേണ്ടതാണെങ്കിലും അപ്രകാരം കുറവ് ചെയ്തിട്ടില്ല. 1(1) പ്രകാരമുള്ള 5668/-രൂപയും 1-3 പ്രകാരമുള്ള 8149/-രൂപയും കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2)ഉവംപള്ളിമുക്ക് മുതൽ പടിഞ്ഞാറോട്ട് രണ്ടാം ഘട്ട മെറ്റലിംഗ് , ടാറിംഗ്,s0163/20

| | |
|---|---|
| എസ്റ്റിമേറ്റ് | 472000(MGR) |
| കരാർ നം | 12/AE/17-18/13.12.17 |
| കരാറുകാരൻ | ഡി.സുരേഷ് ബാബു |
| എഗ്രീഡ്. പി.എ.സി | 463504(-1.8%) |
| ആകെ മൂല്യം | 471793 |
| തുക | 463301(-1.8%) |
| | ബിൽ നം.19/12.07.2019 |
| എം ബുക്ക് നം | 65/18-19 |

1) യഥാസമയം കരാർ ചമച്ചില്ല

സെലക്ഷൻ നോട്ടീസ് പ്രകാരം 07.12.17 നകം കരാർ ചമയ്ക്കേണ്ടിയിരുന്നു. എന്നാൽ കരാർ ചമച്ചതാവട്ടെ 13.12.2017 ലും. എന്നാൽ 07.12.17 ന ശേഷം 1% പിഴ ഈടാക്കിയാവണം കരാർ ചമക്കേണ്ടതെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. 1% പിഴയായ 4635 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

2) സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ചില്ല

4 മാസം ആയിരുന്നു പൂർത്തീകരണ കാലയളവ്. എന്നാൽ പ്രവൃത്തി ആരംഭിച്ചത് തന്നെ 01.01.19 ലാണ്. 01.01.19 ൽ ആരംഭിച്ച് 16.01.19 ൽ അവസാനിച്ചു. കരാർ ചമച്ച് ഒര് വർഷത്തിന് ശേഷമാണ് പ്രവൃത്തി ആരംഭിച്ചത് തന്നെ. കാലാവധി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ അതിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല. PWD മാനുവൽ സെക്ഷൻ 2112 യിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ശേഷം 5% പിഴ ഈടാക്കുക മാത്രമാണ് ചെയ്തത്.

3) ബാരലിന്റെ വില ആകെ മൂല്യത്തിൽ നിന്നും കുറവ് ചെയ്തില്ല

ഉപയോഗിച്ച ടാറിന്റെ അളവ് എം ബുക്കിൽ കണക്കാക്കിയിട്ടില്ല. ടാറിന്റെ ബിൽ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

VG 30-1791.39 Kg,SS1 – 721.65 Kg, RS1-233.475 Kg(2746.515 Kg(18 ബാരൽ)

എന്നാൽ ആകെ മൂല്യത്തിൽ നിന്നും ബാരലിന്റെ വില കുറവ് ചെയ്തിട്ടുമില്ല. 'ടി പ്രവൃത്തിക്ക് ആകെ ഉപയോഗിച്ച ബിറ്റുമിന്റെ വിവരം അറിയേണ്ടതാണ്.

4) മാവേലിക്കര ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ DB2 -51/19/21.01.19 കത്തിൽ പ്രവൃത്തിയുടെ ആകെ മൂല്യത്തിൽ നിന്നും എമ്റ്റി ബാരലിന്റെ വില @238 രൂപ നിരക്കിലും വാറ്റ് @ 5% നിരക്കിലും കരാറുകാരിൽ നിന്നും ഈടാക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. 18% ജി.എസ്.റ്റി ഉൾപ്പെടെ ആകെ 281/- രൂപയാണ് എമ്റ്റി ബാരലിന്റെ വിലയായി കുറവ് ചെയ്യേണ്ടിയിരുന്നത്.

18 ബാരൽ@281 = 5058

മേൽ പറഞ്ഞ അപാകതകളിൻ മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/19-20) മറുപടിയായി, ഡി.സുരേഷ് ബാബുവിന്റെ മേൽവിലാസം തെറ്റിയത് കാരണമാണ് കരാർ ചമക്കാൻ വൈകിയത് എന്നും 2017 ൽ ഓഡിറ്റ് ഓഫീസിൽ നിന്നും ഡി.സുരേഷ് ബാബുവിന് ലഭിച്ച വിവരാവകാശത്തിനുള്ള മറുപടിയിൽ ബാരൽ വില കുറവ് ചെയ്യേണ്ടതെന്ന് അറിയിച്ചിരുന്നുവെന്നുമാണ് മറുപടി നൽകിട്ടുള്ളത്. എന്നാൽ ഈ മറുപടി അംഗീകരിക്കുവാൻ സാധ്യമല്ല. 2(1), 2(3) പ്രകാരം യഥാക്രമം 4635/-, 5058/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

കരാർ യഥാസമയം ചമയ്ക്കാത്തത് സംബന്ധിച്ച് യാതൊരു കത്തിടപാടുകളും ഫയലിലില്ല. ഇത്തരം വിഷയങ്ങളിൽ കമ്മറ്റിയുടെ അംഗീകാരം വാങ്ങിയിട്ടുമില്ല. യഥാസമയം കരാർ ചമയ്ക്കാത്ത് കാരണം പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുകയും ആകെ മൂല്യത്തിൽ നിന്നും ബാരൽ വില കുറവ് ചെയ്യാത്തത് കാരണം അധികമായി നൽകിയ തുകയും (ജി.എസ്.റ്റി ഉൾപ്പെടെ) കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-16 പാലിയേറ്റീവ് കെയർ മരുന്നുകൾ ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ എന്ന പദ്ധതിയ്ക്ക് വേണ്ടി ആകെ 75000/- രൂപ കേരള മെഡിയ്ക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേയ്ക്ക ഇൻവോയ്സ് നമ്പർ പി.ആർ.എഫ് 2911/02-12-2019,പി.ആർ.എഫ് 2910/02-12-2019, പ്രകാരം അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 30/20 |
| പ്രോജക്ട് | പാലിയേറ്റീവ് കെയർ |
| അടങ്കൽ | 4,00,000(വികസനഫണ്ട് പൊതുവിഭാഗം) |
| ഇൻവോയ്സ് നമ്പർ | പി.ആർ.എഫ് 2911/02-12-2019,-50000/-<br>പി.ആർ.എഫ് 2910/02-12-2019-25000/- |
| ചെലവ് | 75000/-<br>ബിൽ നമ്പർ03/19-20-/14-01-2020 |

ടി തുക പൂർണ്ണമായും കേരള മെഡിയ്ക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണ്. എന്നാൽ ഇതു വരെയും മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കിയിട്ടില്ല. ഇവ ലഭ്യമാക്കാത്തത് സംബന്ധിച്ച് നൽകിയ (നം4/19-20) ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിയ്ക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കുന്നത് വരെ ഇതിന് വേണ്ടി ചെലവഴിച്ച 75000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 ഫർണ്ണീച്ചറുകളുടെ സ്റ്റോക്ക്-വിതരണ വിവരം ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.132/20 ഗവ.എൽ.പി, യു.പി സ്കൂളിൽ ഫർണ്ണീച്ചർ വാങ്ങൽ എന്ന പദ്ധതി അനുസരിച്ച് BRN.19070452011800328377/10.7.19 പ്രകാരം 694889/-രൂപ ചെലവഴിച്ച് സിഡ്കോയിൽ(സ്റ്റോബോർഡ് ഫാക്ടറി, പരുമല) നിന്ന് ചുവടെ ചേർക്കുന്ന ഫർണ്ണീച്ചറുകൾ വാങ്ങിയതായി ഫയലിൽ കാണുന്നു.

| ഇനം | എണ്ണം | തുക |
|---|---|---|
| ആഞ്ഞിലി ബഞ്ച്-പ്ലാങ്ക് ലെഗ്, 180x30x45cm | 44 | 137588 |
| ആഞ്ഞിലി ഡെസ്ക്180x42.5x75cm | 48 | 189216 |

| | | |
|---|---|---|
| ആഞ്ഞിലി DD ടേബിൾ 120x75x75cm | 3 | 22485 |
| AW ആം ചെയർ പ്ലാസ്റ്റിക് Rattened Seat And Back | 26 | 82992 |
| സ്റ്റീൽ ബുക്ക് ഷെൽഫ് 165x83x30cm 20g | 14 | 143626 |
| സ്റ്റീൽ കാബിനറ്റ് 3ഫിക്സഡ് ഷെൽഫ് 22g 168x83x45cm | 1 | 6181 |
| AW ബ്ലാക്ക് ബോർഡ് 150x100 | 1 | 6801 |
| ആകെ | | 588889 |
| ജി.എസ്.ടി | | 106000 |
| | | 694889 |

എന്നാൽ, ടി ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ രേഖകൾ ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല. ചെലവ് തുക 694889/- തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുന്ന പക്ഷം തടസ്സം പുനഃപരിശോധിക്കുന്നതാണ്.

## 1-18 പട്ടിക ജാതി വനിതകൾക്ക് ഓട്ടോറിക്ഷ വാങ്ങൽ -രേഖകൾ അപൂർണ്ണം

അസി.സെക്രട്ടറി, 2019-20ൽ നിർവ്വഹിച്ച പട്ടിക ജാതി വനിതകൾക്ക് ഓട്ടോറിക്ഷ വാങ്ങൽ (118/20)പ്രോജക്റ്റിൽ, ബിൽ നം.4/6.5.19 പ്രകാരം 70000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആനുകൂല്യം ലഭിച്ച സതി ഉണ്ണികൃഷ്ണൻ, ഉമേഷ് ഭവനം, വാർഡ്6 എന്ന വ്യക്തി വാഹനം വാങ്ങുന്നതിന് മുമ്പ് ബാഡ്ജ് എടുത്തിരുന്നതിന്റെ രേഖകൾ, മറ്റ് ഏജൻസികളിൽ നിന്നോ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നോ ആനുകൂല്യം വാങ്ങിയിട്ടില്ല എന്നത് ഉറപ്പാക്കിയതിന്റെ വിവരം, മുമ്പ് സമാന ആനുകൂല്യം വാങ്ങിയിട്ടില്ല എന്നതിന്റെ രേഖകൾ എന്നിവ ഫയലിൽ ഇല്ല. ശൂന്യമായ മുദ്രപ്പത്രം മാത്രമാണുള്ളത്, വാഹനം കൈമാറാതിരിക്കുന്ന വിധത്തിൽ കരാർ എഴുതിയിട്ടില്ലെന്നും കാണുന്നു. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 70000/-തടസ്സപ്പെടുത്തുന്നു.

## 1-19 കന്നുകുട്ടിപരിപാലനം പ്രോജക്ട്-അപാകതകൾ

കന്നുകുട്ടിപരിപാലനം പ്രോജക്ട് പ്രകാരം 2019-20വർഷം കാഫ് ഫീഡ് പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകുന്നതിനായി വികസന(ജനറൽ)ഫണ്ടിൽ നിന്ന് തുക പിൻവലിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ പേര്, പ്രോജക്റ്റ് നം. | തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ |
|---|---|
| കന്നുകുട്ടി പരിപാലന പദ്ധതി ജനറൽ (81/19) | 375000/-(ബിൽ നം.8/31.03.2020) |

കാലിത്തീറ്റ സ്റ്റോക്ക് ചെയ്ത് വിതരണം നടത്തുന്നതിലേക്കായി തെരഞ്ഞെടുത്തിട്ടുള്ളത് മാവേലിക്കര ക്ഷീരോത്പാദക സഹ.സംഘത്തെയാണെന്ന് ഫയലിൽ പരാമർശിച്ച് കാണുന്നു. ടി സഹകരണ സംഘം മുഖേന പദ്ധതി നിർവ്വഹിച്ചത് സംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല. കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസി.ഡയറക്ടർ തുക കൈപ്പറ്റിയതായി കാണുന്നുണ്ടെങ്കിലും വിനിയോഗ വിവരം ലഭ്യമല്ല. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. പദ്ധതി നിർവ്വഹിച്ചത് സംബന്ധിച്ച് മറ്റ് വിവരങ്ങൾ ഫയലിൽ വ്യക്തമല്ല.

ഇപ്രകാരമുള്ള പ്രോജക്ടുകൾ ചെലവ് വരുന്ന ഓഡിറ്റ് കാലയളവിനുള്ളിൽ തന്നെ പൂർത്തീകരിക്കപ്പെടുന്നതല്ല എന്നതിനാൽ ഇവയുടെ വിനിയോഗ വിവരം സൂക്ഷ്മമായി തുടർ നിരീക്ഷിക്കപ്പെടുന്നില്ല. ടി പ്രോജക്ടിലെ കാലിത്തീറ്റവിതരണം മുതലായവയെല്ലാം ഇതിലേക്ക് മൃഗസംരക്ഷണ വകുപ്പിൽ നിന്ന് ചുമതലപ്പെടുത്തിയ ജീവനക്കാരുടെയും വകുപ്പിന്റെയും മേൽനോട്ടത്തിലാണ് എന്ന് കാണാം, എന്നാൽ നടന്നുവരുന്ന കന്നുകുട്ടി പരിപാലന പ്രോജക്ടുകളിലേക്ക് വികസനഫണ്ടിൽ നിന്ന് വർഷങ്ങളായി നല്കപ്പെടുന്ന തുകകളുടെ വിനിയോഗ വിവരമോ, തുകകളുടെ നീക്കിയിരിപ്പ് വിവരമോ ഗ്രാമപഞ്ചായത്തിലേക്ക് ലഭ്യമാക്കപ്പെടുന്നില്ല. ഇത് മൂലം ചെലവഴിക്കാതെ അവശേഷിക്കുന്ന വികസനഫണ്ട് തിരിച്ചടയ്ക്കപ്പെടാതെ വരുന്നുണ്ട്.

കാലിത്തീറ്റയ്ക്കായി ചെലവഴിക്കപ്പെടുന്ന യഥാർത്ഥ തുകയ്ക്ക് ആനുപാതികമായാണ് ഗുണഭോക്തൃവിഹിതം, ഡിപ്പാർട്ട്മെന്റ് ഫണ്ട്, വികസനഫണ്ട് എന്നിവ വേണ്ടിവരുന്നത് എന്നതിനാൽ ഗുണഭോക്താക്കൾ കാലിത്തീറ്റ വാങ്ങാതെ വരുന്ന വിവിധ സാഹചര്യങ്ങളിൽ, അതിൻപ്രകാരം സർക്കാർ സബ്സിഡിയിനത്തിലും കുറവ് വരുത്തേണ്ടതുണ്ട്. വികസനഫണ്ട് മുൻകൂറായി നല്കുന്ന സാഹചര്യമായതിനാൽ, ഇപ്രകാരം അധികമായി മുൻകൂർ നല്കപ്പെട്ട വികസനഫണ്ട്, പ്രോജക്റ്റിന്റെ പൂർത്തീകരണത്തോടനുബന്ധിച്ച് ക്രമപ്പെടുത്തേണ്ടതാണ്, എന്നാൽ, പ്രോജക്റ്റിന്റെ പൂർത്തീകരണത്തോടെ ചെലവ് വിനിയോഗ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്നതിനും വികസനഫണ്ട് ഇനത്തിൽ ചെലവഴിക്കപ്പെടാതെ തുക അവശേഷിക്കുന്നത് ബന്ധപ്പെട്ട ഹെഡിലേക്ക് ഒടുക്കുവരുത്തുന്നതിനും ആവശ്യമായ നടപടികൾ നിർവ്വഹണോദ്യോഗസ്ഥർ സ്വീകരിച്ചുകാണുന്നില്ല. ഇത് മൂലം വികസനഫണ്ടിനത്തിൽ വലിയ തുക തന്നെ ഓരോ വർഷവും തെറ്റായി ചെലവ് രേഖപ്പെടുത്തപ്പെടുന്നു. ടി സാഹചര്യം ഒഴിവാക്കുന്നതിലേക്ക് ഓരോ വർഷവുമുള്ള

യഥാർത്ഥചെലവ്, ആനുപാതികമായി വേണ്ടി വരുന്ന വികസനഫണ്ട് എന്നിവ കണക്കുകൂട്ടേണ്ടതും വികസനഫണ്ടിനത്തിലുള്ള അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടച്ച്, ഇത് സംബന്ധിച്ച കണക്ക് സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. സമീപ വർഷങ്ങളിലായി ടി പ്രോജക്ടിലേക്ക് നല്കപ്പെട്ട തുകയുടെ വിവരം രജിസ്റ്റർ ചെയ്ത് തുടർനിരീക്ഷണം ഉറപ്പാക്കണം.

## 1-20 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി: ജി.എസ്.ടി സ്രോതസ്സിൽ കുറവ് വരുത്തിയില്ല:

2017ലെ കേന്ദ്ര ജി.എസ്.ടി ആക്ട് (THE CENTRAL GOODS AND SERVICES TAX ACT, 2017 NO. 12 OF 2017) സെക്ഷൻ51, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.2019ലെ നം.ഡി.എ1/87/2019/ തസ്വഭവ സർക്കുലർ എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പ്രോജക്ടുകളിലെ വാങ്ങലുകളിന്മേൽ ജി.എസ്.ടി 2%, നികുതി സ്രോതസ്സിൽ കുറവ് വരുത്തേണ്ടതുണ്ട് (ടി.ഡി.എസ്), എന്നാൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിച്ച ചുവടെ ചേർക്കുന്ന പ്രവർത്തികളിൽ ടെണ്ടർ പ്രകാരം ഒരുമിച്ച് പ്രവർത്തികൾ എറ്റെടുത്ത കരാറുകാർക്ക് തുക നല്കിയ ബില്ലുകളിൽ നിന്നും ജി.എസ്.ടി-റ്റി.ഡി.എസ് കുറച്ചിട്ടില്ല. കരാറുകാർ വിവിധ പ്രവർത്തികൾക്കായി ഒരുമിച്ച് കരാർ വച്ചതായാണ് കാണുന്നത്. ഓരോ വർക്കുകളിലും പ്രത്യേകം കരാറോ സാധനങ്ങളുട ജി.എസ്.ടി ബില്ലോ സൂക്ഷിച്ചിട്ടുമില്ലാത്തതിനാൽ, ഒരുമിച്ച് ഒന്നിലേറെ പ്രോജക്ടുകൾക്ക് സപ്ലൈ കരാർ എടുത്ത ഇവർ ആകെ കരാർ മൂല്യത്തിന് ബാധകമായ നിരക്കിലാണ് നികുതി ഒടുക്കേണ്ടിയിരുന്നത്. അതിനാൽ മെറ്റീരിയൽ വില2.5ലക്ഷത്തിൽ താഴെയുള്ള പ്രവർത്തികളുടേത് ഉൾപ്പെടെ എല്ലാ പ്രവർത്തികളുടെയും തുക ചേർത്ത തുകയ്ക്കാണ് ജി.എസ്.ടി- ടി.ഡി.എസ് ചെയ്യേണ്ടത്. ഒരു കരാർ പ്രകാരം പല ഘട്ടങ്ങളിലായി(വിവിധ പ്രോജക്ടുകളിലെ ബില്ലുകളിലായി) മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതായാണ് ഇവിടെ കാണേണ്ടത്. എന്നാൽ ഇവരുടെ ബില്ലുകളിൽ ഒന്നും നികുതി കുറച്ചതായി കാണുന്നില്ല. ഈ കരാറുകാർ നികുതി നേരിട്ട് ഒടുക്കിയതിന്റെ വിവരമോ, പഞ്ചായത്തിൽ പ്രത്യേകമായി രസീത് പ്രകാരം തുക ഒടുക്കിയ വിവരമോ ഉള്ള പക്ഷം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.11/19-20/16.12.21) നല്കിയിരുന്നുവെങ്കിലും ആയതും ലഭ്യമാക്കിയിട്ടില്ല.

കരാറുകാരന്റെ പേര്: കെ.ബാലകൃഷ്ണൻ

| പ്രവർത്തിയുടെ പേര് | മെറ്റീരിയൽ ആകെ മൂല്യം |
|---|---|
| കുഞ്ചാംപള്ളിൽ റോഡ് കോൺക്രീറ്റിംഗ് | 404286.4 |
| മനായിൽ ക്ഷേത്രം കുന്നേൽ റോഡ് | 211464.5 |
| ഇളംപ്ലാവിൽ റോഡ് | 167289.5 |
| ഊത്തക്കര റോഡ് | 370458 |
| ഒറ്റത്തെങ്ങിൽ അക്കരക്കളരി | 414380.5 |
| ഒറ്റത്തെങ്ങിൽ അക്കരക്കളരി | 414380.5 |
| ഒറ്റത്തെങ്ങിൽ അക്കരക്കളരി | 153863 |
| കൊട്ടക്കാട്ടെത്ത് റോഡ് | 355186.5 |
| പരുമല റോഡ് | 380114.6 |
| ചങ്ങായിൽ മുക്ക് റോഡ് | 414483 |
| ചങ്ങായിൽ മുക്ക് റോഡ് | 251650.7 |
| മടയിലേത്ത് പുത്തൻവീട് | 272589 |
| പയ്യമ്പള്ളിൽ മുക്ക് റോഡ് | 293385.75 |
| പയ്യമ്പള്ളിൽ മുക്ക് റോഡ് | 146692.87 |

| | |
|---|---|
| കണ്ണമംഗലം ക്ഷേത്ര ജംക്ഷൻ മുതൽ ക്ഷേത്രക്കുളം വരെ | 72720.25 |
| ആകെ മെറ്റീരിയൽ വില: | 4322945.07 |
| ജി.എസ്.ടി ഈടാക്കേണ്ടത് | 86458.9 |

കരാറുകാരന്റെ പേര്: ശാന്തിലാൽ.എൻ

| പ്രവർത്തിയുടെ പേര് | മെറ്റീരിയൽ ആകെ മൂല്യം |
|---|---|
| 64 നമ്പർ അംഗൻവാടി റോഡ് | 236847.8 |
| ചെമ്പകപ്പള്ളി മുതൽ വടക്കോട്ട് | 420230 |
| അഞ്ജലിമുക്ക് റോഡ് റീച്ച് ഒന്ന് | 411805.44 |
| അഞ്ജലിമുക്ക് റോഡ് റീച്ച് മൂന്ന് | 204207 |
| സരസ്വതിസദനം മുതൽ റെയിൽവേ | 195310 |
| ഹോളിമേരി ശാസ്താംകോയിക്കൽ | 319627.5 |
| മുടിയിൽ റോഡ് | 370016 |
| അൻപൊലിക്കളം ഞാറക്കാട്ടു റോഡ് | 378818 |
| സരസ്വതിസദനം മുതൽ റെയിൽവേ റീച്ച് രണ്ട് | 67522 |
| ലക്ഷംവീട് കോളനി റോഡ് | 258565 |
| ലക്ഷംവീട് കോളനി റോഡ് റീച്ച് 1 | 287451.5 |
| ലക്ഷംവീട് കോളനി റോഡ് 2 | 249321 |
| പെരിങ്ങോലിൽ റോഡ് | 410637.5 |
| | 3810358.74 |
| ജി.എസ്.ടി ഈടാക്കേണ്ടത്: | 76207.17 |

കരാറുകാരന്റെ പേര്: അജയ് അശോക്

| പ്രവർത്തിയുടെ പേര് | മെറ്റീരിയൽ ആകെ മൂല്യം |
|---|---|
| വാഴപ്പിള്ളേത്ത് ഹെൽത്ത് സെന്റർ റോഡ് | 414380.5 |
| വാഴപ്പിള്ളേത്ത് ഹെൽത്ത് സെന്റർ റീച്ച് രണ്ട് | 362415.5 |
| ചേങ്കിലത്ത് മുക്ക് റേഷൻകട | 420253.5 |
| ശിവഭവനം മുക്ക് അർച്ചനാ ഭവനം | 296020.5 |
| ശിവഭവനം മുക്ക് അർച്ചനാ ഭവനം റീച്ച് രണ്ട് | 260394 |
| നാട്ടുതോട് പൂവക്കാട് റോഡ് | 414380.5 |
| നാട്ടുതോട് പൂവക്കാട് റോഡ് റീച്ച് 2 | 414380.5 |
| കൊയ്പ്പള്ളിൽ തെക്കേക്കല്ലിൽ | 293346.5 |
| കൊയ്പ്പള്ളിൽ തെക്കേക്കല്ലിൽ റീച്ച് രണ്ട് | 293346.5 |

| | |
|---|---|
| കളീയ്ക്കലയ്യത്ത് പനാറേത്ത് | 293346.5 |
| ആകെ | 3462264.5 |
| ജി.എസ്.ടി ഈടാക്കേണ്ടത്: | 69245.29 |

ജി.എസ്.ടി -ടി.ഡി.എസ് ഇനത്തിൽ ആകെ കുറവ് ചെയ്യേണ്ടിയിരുന്ന തുക 231911/-രൂപ ഈടാക്കേണ്ടതുണ്ട്.

## 1-21 തൊഴിലുറപ്പ് പദ്ധതി- വോയിഡ് കുറവ് വരുത്താത്ത അളവിൽ തുക അനുവദിച്ച് അധിക ചെലവ്

CPWD സ്പെസിഫിക്കേഷനിൽ (1.27.2.3 ) എസ്റ്റിമേറ്റ് തയ്യാറാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ മെറ്റൽ സ്റ്റാക്ക് ചെയ്യതിൽ മിനിമം 7.5% കുറവു ചെയ്യതിനുശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ടി വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല. സ്റ്റാക്ക് മെഷർ ചെയ്ത ശേഷം എസ്റ്റിമേറ്റ് അളവിൽ പരിമിതപ്പെടുത്തുന്നതായാണ് എം-ബുക്കിൽ (Premeasurement) എല്ലായ്പ്പോഴും രേഖപ്പെടുത്തുന്നതെന്ന് കാണുന്നു. ഇപ്രകാരം പരിമിതപ്പെടുത്തിയ അളവ് പോലും വോയിഡ് കുറച്ചാൽ ലഭിക്കുന്ന അളവിലും കൂടിയതായി കണ്ടിട്ടുള്ള പ്രവർത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവ്യത്തിയുടെ പേര് / എം-ബുക്ക് | കരാറുകാരൻ ലഭ്യമാക്കിയ 40mm മെറ്റലിന്റെ അളവ് $M^3$ | ലിമിറ്റ് ചെയ്ത് അനുവദിച്ചത് M3 | അനുവദിച്ച തുക (2250/$m^3$) | 7.5% വോയ്ഡ്സ് കുറവുചെയ്ത ശേഷമുള്ള അളവ് $M^3$ | അനുവദനീയമായ തുക 2250/$m^3$ | അധികം നൽകിയത് |
|---|---|---|---|---|---|---|---|
| 1 | മുടിയിൽ റോഡ് കോൺക്രീറ്റിംഗ് വാർഡ്2 എം-ബുക്ക് 136/18-19 | 25.29 | 23.56 | 53010 | 23.394 | 52636 | 373.5 |
| 2 | 64നമ്പർ അംഗൻവാടി റോഡ് കോൺക്രീറ്റിംഗ് എം-ബുക്ക് 127/18-19 | 15.60 | 15.08 | 33930 | 14.43 | 32467.5 | 1462.5 |
| 3 | പയ്യമ്പള്ളിൽ മുക്ക് റോഡ് കോൺക്രീറ്റിംഗ് എം-ബുക്ക് 125/18-19 | 19.25 | 18.85 | 42412.5 | 17.81 | 40072.5 | 2340 |
| 4 | കണ്ണമംഗലം ക്ഷേത്രം ജം. മുതൽ ക്ഷേത്രക്കുളം വരെ എം-ബുക്ക് 969/17-18 | 6.9 | 6.5 | 10725 (@1650) | 6.39 | 10543 (@1650) | 181.5 |
| | | | | | | Total | 4357.5 |

അനുവദനീയമല്ലാത്ത 4358/- രൂപ, ചെലവിന് ഉത്തരവാദിയായ തൊഴിലുറപ്പ് പദ്ധതി വിഭാഗം അസി.എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-22 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - രേഖകൾ ലഭ്യമാക്കിയില്ല .

പ്രോജക്ട് നം -86/20

പ്രോജക്ടിന്റെ പേര് - ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് .

| ചെലവ് തുക | ബിൽ നം/ചെക്ക് നം |
|---|---|
| 400000(വികസന ഫണ്ട്) | ബിൽ നം<br>4/19-20,18.10.19,212500/-<br>5/19-20,..14.01.20,187500/- |
| 75000(തനത് ഫണ്ട്) | ചെക്ക് നം-3857861,30.03.20,75000/- |
| 412700(ബ്ളോക്ക് വിഹിതം) | ബിൽ നം<br>14/19-20,27.03.20,112700/-<br>ചെക്ക് നം-0214291,31.03.2020 ,300000/- |

മേൽ പ്രോജക്ട് പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയിൽ കാണിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് നമ്പരും ,ആനുകൂല്യം നല്കിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പരും തമ്മിൽ വ്യത്യാസം കാണുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അപേക്ഷയിലെ ബാങ്ക് അക്കൗണ്ട് നമ്പർ | ആനുകൂല്യം നല്കിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പർ | നൽകിയ തുക |
|---|---|---|---|---|
| 1 | ഗീതു ജി | 51180000020505 | 67172718143 | 2800 |
| 2 | അഖിൽ ശ്യാം | 67300835556 | 67300635556 | 3500 |
| 3 | ആരോമൽ കെ കുറുപ്പ് | 671757881532 | 67175781531 | 7000 |
| 4 | നിശാന്ത് | 520101033557442 | 67228047104 | 7000 |
| 5 | അമൽ ജി പിള്ള | 18630100041445 | 18630100006521 | 2800 |
| 6 | സച്ചു കൃഷ്ണൻ | 67344215747 | 67355185332 | 7000 |
| 7 | വിശാൽ | 196301000006445 | 67179445360 | 7200 |
| 8 | അനന്തു എൻ | 67180875354 | 67180875354 | 12000 |
| 9 | സുരഭി | 196301000003733 | 504102010057704 | 24000 |
| 10 | അമൽ കുമാർ | 67178677493 | 67178677483 | 24000 |

മേൽ ആനുകൂല്യം നൽകുന്നതിനായി പിൻവലിച്ച തുക ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു നൽകിയ ബാങ്ക് അക്കൗണ്ട് നമ്പരും അപേക്ഷകളിലെ രേഖകളും തമ്മിൽ വ്യത്യാസം കാണുന്നു.ഇത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം - 9/19-20തീയതി, 14.12.21 നൽകിയതിന് രേഖകൾ ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

## 1-23 സോഴ്സ് ഡിഡക്ഷൻ തുകകൾ കൃത്യമായി അക്കൌണ്ട് ചെയ്തില്ല-തിരിച്ചടക്കാൻ ബാക്കിയുള്ള ലോൺ കണക്കുകളിൽ പിശക്

ഗ്രാമപഞ്ചായത്ത് LIFEപദ്ധതിക്കായി എടുത്തിട്ടുള്ള ലോണിന്റെ തിരിച്ചടവ് എന്ന നിലയിൽ താഴെ പറയും പ്രകാരം തുകകൾ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിരുന്നു.

| ക്രമ നം. | ഇനം | തുക | ഫണ്ടിനം | സർക്കാർ ഉത്തരവ് |
|---|---|---|---|---|
| 1 | ലൈഫ് മിഷന് KURDFC മുഖേന ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തിരിച്ചടവ് | 529412 | വികസനഫണ്ട് (പൊതു വിഭാഗം) | |
| | | 529412 | വികസനഫണ്ട് (പൊതു വിഭാഗം) | |
| 2 | ലൈഫ് മിഷന് KURDFC മുഖേന ഹഡ്കോയിൽ നിന്നും | 44418 | വികസനഫണ്ട് (SCP) | |

| | | | | |
|---|---|---|---|---|
| | അനുവദിച്ച വായ്പയുടെ മുതൽ തിരിച്ചടവ് | 44417 | വികസനഫണ്ട് (SCP) | |

എന്നാൽ മേൽ രണ്ട് ഗഡു തിരിച്ചടവിൽ ഒന്നുമാത്രമാണ് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയത്. ഈ ചെലവുകൾക്ക് സുലേഖ പ്രകാരം പ്രോജക്റ്റുകളും തയ്യാറാക്കിയിരുന്നില്ല. ആയതിനാൽ2019-20,20-21 ലെ തിരിച്ചടക്കുവാൻ ബാക്കിയുള്ള ലോൺ തുക കണക്കുകളിൽ വ്യത്യാസം വന്നിട്ടുണ്ട്. ഈ വ്യത്യാസം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഗ്രാമപഞ്ചായത്തിലെ വിവിധ ടാറിംഗ് പ്രവൃത്തികൾ- ബാരലിന്റെ വില ആകെ മൂല്യത്തിൽ നിന്നും കുറവ് ചെയ്തില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ ടാറിംഗ് പ്രവൃത്തികൾ വിവിധ കരാറുകാർ ഏറ്റെടുത്ത് നടപ്പിലാക്കിയിരുന്നു. അതിൽ ഡി.സുരേഷ് ബാബു എന്ന കരാറുകാരൻ നിർവ്വഹിച്ച താഴെ പറയുന്ന പ്രവൃത്തികളിലെ അപാകതകൾ താഴെ കൊടുക്കുന്നു. ഇദ്ദേഹത്തിന്റെ ബില്ലിൽ നിന്നും ഒഴികെയുള്ള മറ്റ് കരാറുകാരുടെ ബില്ലിൽ നിന്നും ബാരലിന്റെ വിലയും അതിന്റെ ജി.എസ്.റ്റി യും കുറവ് ചെയ്ത ശേഷമാണ് തുക അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം കുറവ് ചെയ്ത ശേഷമുള്ള തുകയാണ് ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും അംഗീകരിച്ചിട്ടുള്ളതെങ്കിലും ഡി.സുരേഷ് ബാബു എന്ന കരാറുകാരന്റെ ബില്ലിൽ നിന്നും അപ്രകാരം കുറവ് ചെയ്തിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

1)താമരപ്പള്ളി മുക്ക് കൊയിപ്പള്ളി മുക്ക് രണ്ടാം ഘട്ട മെറ്റലിംഗ് ,ടാറിംഗ്, റീ-ടാറിംഗ് (So 164/20,so160/18)-

1) യഥാസമയം കരാർ ചമച്ചില്ല

സെലക്ഷൻ നോട്ടീസ് പ്രകാരം 07.12.17 നകം കരാർ ചമയ്ക്കേണ്ടിയിരുന്നു. എന്നാൽ കരാർ ചമച്ചതാവട്ടെ 13.12.2017 ലും. എന്നാൽ 07.12.17 ന ശേഷം 1% പിഴ ഈടാക്കിയാവണം കരാർ ചമക്കേണ്ടതെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. 1% പിഴയായ 5668 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

2) സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ചില്ല

ടെണ്ടർ നോട്ടീസ് പ്രകാരം 4 മാസം ആയിരുന്നു പൂർത്തീകരണ കാലയളവ്. എന്നാൽ പ്രവൃത്തി ആരംഭിച്ചത് തന്നെ 04.01.19 ലാണ്. 04.01.19 ൽ ആരംഭിച്ച് 17.01.19 ൽ അവസാനിച്ചു. കാലാവധി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ അതിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല. സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. PWD മാനവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്.

PWD മാനവൽ സെക്ഷൻ 2112 യിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ശേഷം 5% പിഴ ഈടാക്കുക മാത്രമാണ് ചെയ്തത്.

3) ബാരലിന്റെ വില ആകെ മൂല്യത്തിൽ നിന്നും കുറവ് ചെയ്തില്ല

എം ബുക്ക് പ്രകാരം ഉപയോഗിച്ച ടാറിന്റെ അളവ് താഴെ പറയും പ്രകാരമാണ്.

VG 30-3882.44kg,SS1 – 205.27kg, RS1-391.53kg (ആകെ- 4479.24 Kg, 29 ബാരൽ)

എന്നാൽ ടാറിന്റെ ബിൽ ഫയലിൽ ഉൾപ്പെടുത്തേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. പാക്ക്സ് ബിറ്റുമിന്റെ വിലയാണ് DSR 2016 പ്രകാരം അനുവദിച്ചിട്ടുള്ളത് എന്നതിനാൽ ആകെ മൂല്യത്തിൽ നിന്നും ബാരലിന്റെ വില കുറവ് ചെയ്യേണ്ടതാണ്.

മാവേലിക്കര ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ DB2 -51/19/21.01.19 കത്തിൽ പ്രവൃത്തിയുടെ ആകെ

മൂല്യത്തിൽ നിന്നും എമ്റ്റി ബാരലിന്റെ വില @238 രൂപ നിരക്കിലും വാറ്റ് @ 5% നിരക്കിലും കരാറുകാരിൽ നിന്നും കുറവ് ചെയ്ത തുകയാണ് അംഗീകരിച്ചിരുന്നതെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. 18% ജി.എസ്.റ്റി ഉൾപ്പെടെ ആകെ 281/- രൂപയാണ് എമ്റ്റി ബാരലിന്റെ വിലയായി കുറവ് ചെയ്യേണ്ടിയിരുന്നത്.
29 ബാരൽ@281 = 8149(6902+1247).

മേൽ പ്രകാരമുള്ള തുകകൾ ആകെ മൂല്യത്തിൽ നിന്നും കുറവ് ചെയ്യേണ്ടതാണെങ്കിലും അപ്രകാരം കുറവ് ചെയ്തിട്ടില്ല. 1-1 പ്രകാരമുള്ള 5668/-രൂപയും I(3) പ്രകാരമുള്ള 8149/- രൂപയും കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2)ഉവംപള്ളിമുക്ക് മുതൽ പടിഞ്ഞാറോട്ട് രണ്ടാം ഘട്ട മെറ്റലിംഗ് , ടാറിംഗ്,s0163/20

1) യഥാസമയം കരാർ ചമച്ചില്ല

സെലക്ഷൻ നോട്ടീസ് പ്രകാരം 07.12.17 നകം കരാർ ചമയ്ക്കേണ്ടിയിരുന്നു. എന്നാൽ കരാർ ചമച്ചതാവട്ടെ 13.12.2017 ലും. എന്നാൽ 07.12.17 ന ശേഷം 1% പിഴ ഈടാക്കിയാവണം കരാർ ചമക്കേണ്ടതെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. 1% പിഴയായ 4635 രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

2) സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ചില്ല

4 മാസം ആയിരുന്നു പൂർത്തീകരണ കാലയളവ്. എന്നാൽ പ്രവൃത്തി ആരംഭിച്ചത് തന്നെ 01.01.19 ലാണ്. 01.01.19 ൽ ആരംഭിച്ച് 16.01.19 ൽ അവസാനിച്ചു. കരാർ ചമച്ച് ഒര് വർഷത്തിന് ശേഷമാണ് പ്രവൃത്തി ആരംഭിച്ചത് തന്നെ. കാലാവധി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ അതിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല. PWD മാനുവൽ സെക്ഷൻ 2112 യിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ശേഷം 5% പിഴ ഈടാക്കുക മാത്രമാണ് ചെയ്തത്.

3) ബാരലിന്റെ വില ആകെ മൂല്യത്തിൽ നിന്നും കുറവ് ചെയ്തില്ല

ഉപയോഗിച്ച ടാറിന്റെ അളവ് എം ബുക്കിൽ കണക്കാക്കിയിട്ടില്ല. ടാറിന്റെ ബിൽ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

VG 30-1791.39 Kg,SS1 – 721.65 Kg, RS1-233.475 Kg(2746.515 Kg(18 ബാരൽ)

എന്നാൽ ആകെ മൂല്യത്തിൽ നിന്നും ബാരലിന്റെ വില കുറവ് ചെയ്തിട്ടുമില്ല.

4) മാവേലിക്കര ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ DB2 -51/19/21.01.19 കത്തിൽ പ്രവൃത്തിയുടെ ആകെ മൂല്യത്തിൽ നിന്നും എമ്റ്റി ബാരലിന്റെ വില @238 രൂപ നിരക്കിലും വാറ്റ് @ 5% നിരക്കിലും കരാറുകാരിൽ നിന്നും ഈടാക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. 18% ജി.എസ്.റ്റി ഉൾപ്പെടെ ആകെ 281/- രൂപയാണ് എമ്റ്റി ബാരലിന്റെ വിലയായി കുറവ് ചെയ്യേണ്ടിയിരുന്നത്.

18 ബാരൽ@281 = 5058(4284+774).

മേൽ പറഞ്ഞ അപാകതകളിൻ മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/19-20) മറുപടിയായി, ഡി.സുരേഷ് ബാബുവിന്റെ മേൽവിലാസം തെറ്റിയത് കാരണമാണ് കരാർ ചമക്കാൻ വൈകിയത് എന്നും 2017 ൽ ഓഡിറ്റ് ഓഫീസിൽ നിന്നും ഡി.സുരേഷ് ബാബുവിന് ലഭിച്ച വിവരാവകാശത്തിനുള്ള മറുപടിയിൽ ബാരൽ വില കുറവ് ചെയ്യേണ്ടതെന്ന് അറിയിച്ചിരുന്നുവെന്നുമാണ് മറുപടി നൽകിട്ടുള്ളത്. എന്നാൽ ഈ മറുപടി അംഗീകരിക്കുവാൻ സാധ്യമല്ല. 2(1) പ്രകാരമുള്ള 4635/- രൂപയും 2(4) പ്രകാരമുള്ള 5058/-രൂപയും കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

കരാർ യഥാസമയം ചമയ്ക്കാത്തത് സംബന്ധിച്ച് യാതൊരു കത്തിടപാടുകളും ഫയലിലില്ല. ഇത്തരം വിഷയങ്ങളിൽ കമ്മറ്റിയുടെ അംഗീകാരം വാങ്ങിയിട്ടുമില്ല. യഥാസമയം കരാർ ചമയ്ക്കാത്ത് കാരണം പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുകയും(5668+4635) ആകെ മൂല്യത്തിൽ നിന്നും ബാരൽ വില കുറവ് ചെയ്യാത്തത് കാരണം അധികമായി നൽകിയ തുകയും(6902+4284) കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ജി.എസ്.റ്റി തുക(345+214) കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2131200 | ലൈഫ് | 1811200 | 20000 |

| | | | | | |
|---|---|---|---|---|---|
| | | | ഭിന്നശേഷി സ്കോളർഷിപ്പ് | 300000 | |
| ജില്ലാ പഞ്ചായത്ത് | 2019-20 | 100000 | എസ്.എൻ.പി | 100000 | |

## 4-2 ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ULCC | അസറ്റ് മാപ്പിംഗ് | 614831 | 614831 | 0 |
| IRTC | കമ്പോസ്റ്റ് യൂണിറ്റ് | 160000 | 160000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷം | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 2019-20 | ഇ. എം. എസ് ഭവന പദ്ധതി<br>ലൈഫ് ഭവന പദ്ധതി | | 5520000 | 1089739<br>9214661 | 161440<br>628190 | --- | 928299<br>14106471 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വർഷം | | റിപ്പോർട്ട് വർഷം | | | |
| 2017-18 | 38 | 2010-11 | 5.2.12(1) | പേപ്പർ ക്യാരിബാഗ് നിർമ്മാണ പരിശീലനം | ലോക്കൽ ഫണ്ട് അക്കൌണ്ട്സ് കമ്മിറ്റിയുടെ അദാലത്തിൽ |
| | | | | | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 82945223 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 77712836 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 21489 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 839889 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1(1-1,1-3) | | 12570(5668+6902) | രശ്മി.കെ.എസ്,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-1(2-1,2-3) | | 8919(4635+4284) | രശ്മി.കെ.എസ്,അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 21489 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 75000 | ഡോ.ഡോണി മാനുവൽ ജോൺ തിരുച്ചുവട്ടിൽ, എം.ഒ, പി.എച്ച്.സി |
| 1-17 | 694889 | സുഗുണ, എച്ച്.എം |

| | | |
|---|---|---|
| | | |
| 1-18 | 70000 | ഗോപകുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| | 839889 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|
| 1-15(1,2), (ജി.എസ്.റ്റി) | 1247+774 | രശ്മി.കെ.എസ് |
| 1-20(ജി.എസ്.റ്റി) | 231911 | ശാരി.ബി, അസിസ്റ്റന്റ് എഞ്ചിനീയർ, എം.എൻ.ആർ.ഇ.ജി.എസ് |
| 1-21, കേന്ദ്ര ഫണ്ട് | 4357.5 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ഡോണി മാനുവൽ ജോൺ തിരുച്ചവട്ടിൽ, എം.ഒ, | എം.ഒ, പി.എച്ച്.സി | തിരുച്ചവട്ടിൽ,മാനുവൽ വില്ല,ചെറുകോൽ പി.ഒ,മാവേലിക്കര |
| സുഗുണ, എച്ച്.എം, കണ്ണമംഗലം യു.പി.എസ് | വിരമിച്ചു | ഇന്ദ്രസേനാലയം, കാർത്തികപ്പള്ളി.പി.ഒ |
| ഗോപകുമാർ അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, മാങ്കുളം ഗ്രാമപഞ്ചായത്ത് | കൃഷ്ണ ഭവനം, കരിപ്പുഴ പി.ഒ,മാവേലിക്കര |
| രശ്മി.കെ.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | എടമന, TC 36/1473(1), കോതളം ജംഗ്ഷൻ, വള്ളക്കടവ്.പി.ഒ |
| ശാരി.ബി, അസിസ്റ്റന്റ് എഞ്ചിനീയർ, എം.എൻ.ആർ.ഇ.ജി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ, എം.എൻ.ആർ.ഇ.ജി.എസ് | മരുർതറ വടക്കതിൽ, ഓലകെട്ടിയമ്പലം (റിട്ട.), മാവേലിക്കര – 690510 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1996-97 മുതൽ<br>2005-06 വരെ | എൽ.എഫ്.ജിഎ5-1832/11/ 02.02.12 |
| 2006-07 മുതൽ<br>2009-10 വരെ | എൽ.എഫ്.ജിഎ5-1577/2013/ 24.5.14 |
| 2010-11 മുതൽ<br>2011-12 വരെ | എൽ.എഫ്.എപി 7-349/2014/ 19.03.14 |
| 2012-13 | എൽ.എഫ്.എ.പി7-397/2015/25.6.15/7.7.15 |
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി7-1608/15/23.12.15/15.01.16 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി7-830/16/29.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി7-1562/16, തീ. 30.12.16/ 20.01.2017 |
| 2016-17 | നം. കെ.എസ്.എ-എ.എൽ.പി-പി.7-938/17 തീ. 22.07.2017 |
| 2017-18 | നം. കെ.എസ്.എ-എ.എൽ.പി-പി.7-352/19<br>തീയതി. 15.05.2019 |
| 2018-19 | നം. കെ.എസ്.എ-എ.എൽ.പി-പി.7-144/20<br>തീയതി. 10.02.2020 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്